(5) അയ്യപ്പ ഭക്തൻമാർക്ക് നേരിട്ട വാഹന അപകടം

ശ്രീ. വി. കെ. കുഞ്ഞാലിക്കുട്ടി: സർ, തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിലുണ്ടായ വാഹന അപകടത്തിൽ മരിച്ച ഒൻപത് അയ്യപ്പൻമാരും ഏറെ നിയോജകമണ്ഡലത്തിൽപ്പെട്ടവരാണ്. മരിച്ചവർക്കു പുറമേ ആശുപത്രിയിൽക്കഴിയുന്ന പരിക്കേറ്റവരുടെ സ്ഥിതിയും വളരെ ദാരുണമാണ്: അതിൽ പലരും അത്യാസന്ന നിലയിലാണ്. തൃശ്ശൂർ വച്ചാണ് അപകടം ഉണ്ടായതെന്നുള്ളതുകൊണ്ട് അടിയന്തിര മായി കളക്ടറേറ്റിൽനിന്നും മറ്റും ലഭിക്കുന്ന അടിയന്തിര സഹായം പോലും ആ കുടുംബങ്ങൾക്ക് കഴിഞ്ഞ ദിവസംവരെ ലഭിച്ചില്ല. അതുമാത്രമല്ല, വളരെ പാവപ്പെട്ട നിർദ്ധനരായ കുടുംബങ്ങളാണ് ഇവരുടേത് എന്നുള്ളതുകൊണ്ട് പ്രത്യേക പരിഗണന കൊടുത്ത് ആ കുടുംബങ്ങളെ സഹായിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ അപകടത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് താൽക്കാലികമായിട്ട് 500 ഉറുപ്പികയും പരിക്കേറ്റവരുടെ ആളുകൾക്ക് 300 ഉറുപ്പികയും വീതം തഹസിൽദാർ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് മൂവായിരം രൂപ കൊടുക്കാൻ ഉള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്.

(6) പിയർലെസ് ഫീൽഡ് ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ

ശ്രീ. എം. വി. രാഘവൻ: സർ, ഇന്ത്യയിലെ നാലര ലക്ഷത്തോളം വരുന്ന പിയർലെസ് ഫീൽഡ് ജീവനക്കാർ ദേശസാൽക്കരണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി കഴിഞ്ഞ പത്തു മാസക്കാലമായി സമരത്തിലാണ്. കേരളത്തിൽത്തന്നെ നാലായിരത്തിൽപ്പരം വരുന്ന ഫീൽഡ് ജീവനക്കാരും ഈ സമരത്തിന്റെ ഭാഗമായി എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ സത്യാഗ്രഹം നടത്തുകയാണ്. കേരളത്തിൽത്തന്നെ 51 ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവും വലിയ ഒരു സ്ഥാപനമാണ്. മൊത്തം 700 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. ഇന്ത്യയിലെ 35 ശതമാനത്തിലായിട്ടാണ് ഇത് നിക്ഷേപിച്ചിരിക്കുന്നത്. കൽക്കട്ട ഹെഡ് ഓഫീസായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഒന്നുകിൽ ഗവൺമെന്റ് ഏറ്റെടുക്കണം, അതല്ലെങ്കിൽ അനുസംബന്ധിച്ച എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തണം. പൊതുജനങ്ങളുടെ പണമാണ് നിക്ഷേപിച്ചിട്ടുള്ളത്. വാസ്തവത്തിൽ കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. പിയർലെസ് കമ്പനി അതിന്റെ പ്രവർത്തനം നടത്താത്തതിന്റെ ഫലമായി ദുരിതം അനുഭവിക്കുന്ന കേരളത്തിലെ ജീവനക്കാരുടെ പ്രശ്നം ഉള്ളതുകൊണ്ടും കേരള ഗവൺമെന്റും കേന്ദ്ര ഗവൺമെന്റിനോട് ഈ കാര്യത്തെസംബന്ധിച്ച് പറയേണ്ടതായിട്ടുണ്ട്. ഒന്നുകിൽ ഇത് കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കണം അല്ലെങ്കിൽ ജീവനക്കാരുടെ സഹായസഹകരണത്തോടുകൂടി അത് നടത്തിക്കൊണ്ടു പോകണം. ഇന്ന് ഇന്ത്യയിലെ ചില കുത്തക കമ്പനികൾക്കുവേണ്ടിയാണ് ഈ 700 കോടി ഉറുപ്പിക ഉപയോഗിക്കുന്നത്. കേരള ഗവൺമെന്റും അതിൽനിന്ന് 25 ലക്ഷം ഉറുപ്പിക വായ്പയെടുത്തിട്ടുണ്ട് എന്നാണ് അറിയുന്നത്. അതുകൊണ്ട് കേരളത്തെയും ബാധിക്കുന്ന പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് ഇവിടെയുള്ള നാല്പതിനായിരം ജീവനക്കാരുടെ പ്രശ്നംകൂടി കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം എന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇന്ത്യ മുഴുവൻ പ്രവർത്തനം നടത്തുന്ന ഒരു കമ്പനിയുടെ പ്രശ്നമാണ്. കൽക്കട്ടാ റെഹക്കോടതിയുടെ ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടായി ഉണ്ടായ സംഭവത്തെ തുടർന്ന് ഉണ്ടായിട്ടുള്ളതാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് കേരള ഗവൺമെന്റിന് ഈ വിഷയത്തിൽ യാതൊരു ജൂറിസ്ഡിക്ഷനുമില്ല. സെൻട്രൽ ഗവൺമെന്റിനാണ് ഇതിന്റെ ജൂറിസ്ഡിക്ഷൻ. അവരുടെ ലേബർ ഡിപ്പാർട്ടുമെന്റിനാണ് ജൂറിസ്ഡിക്ഷൻ ഉള്ളത്. അതുകൊണ്ടായിരിക്കണം ഇതിലെ തൊഴിലാളികളോ ബന്ധപ്പെട്ട യൂണിയനുകളോ ആരെങ്കിലുംതന്നെ സംസ്ഥാന ഗവൺമെന്റിന് ഇതു സംബന്ധിച്ച് യാതൊരു പരാതിയും തന്നിട്ടില്ല. തന്നാൽത്തന്നെയും നിയമപരമായി നടപടി എടുക്കുന്നതിന് ജൂറിസ്ഡിക്ഷന്റെ പരിമിതിയുണ്ട്. എങ്കിലും, നമ്മുടെ രാജ്യത്ത് നടക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ സെൻട്രൽ ലേബർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഇതിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഞങ്ങളുടെ അന്വേഷണത്തിൽ ഇന്നലെ ഇതിനെസംബന്ധിച്ച് കൽക്കട്ടയിൽ ഒരു ചർച്ച നടന്നതായിട്ടാണ് അറിവ്. ആ ചർച്ച തുടരുമെന്നും പ്രശ്നം പരിഹരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകുമെന്നുമാണ് ഗവൺമെന്റിന്റെ അറിവ്.

(7) പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം എസ്റ്റേറ്റ് വികസനം

ശ്രീ. എ.കെ. പത്മനാഭൻ: സർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി 1971-ൽ കൂത്താളി മൂപ്പിയിൽനിന്ന് 341 ഹെക്ടർ സ്ഥലം ഗവൺമെന്റ് അനുവദിച്ചു. വനസംരക്ഷണ നിയമത്തിന്റെ നടപടിക്രമം പറഞ്ഞുകൊണ്ട് ആ സ്ഥലം ഏറ്റെടുക്കുന്നതിൽനിന്ന് പ്ലാന്റേഷൻ കോർപ്പറേഷനെ വനംവകുപ്പ് ഇപ്പോൾ തടഞ്ഞിരിക്കുകയാണ്. വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഈ ഭൂമി പെടില്ലെന്ന് ലോകസഭയിൽ പ്രധാനമന്ത്രിയും, നിയമസഭയിൽ കൃഷിവകുപ്പുമന്ത്രിയും വ്യക്തമാക്കിയിട്ടും വനം വകുപ്പ് എന്തിനാണ് ഇതിന് തടസ്സം നിൽക്കുന്നതെന്ന് അറിയില്ല. കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണെങ്കിൽ ഈ കാര്യത്തിൽ അനുമതി വാങ്ങിക്കൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷന്റെ വികസനത്തിനുവേണ്ടിയും അവിടെയുള്ള 240-ഓളം തൊഴിലാളികളെ സ്ഥിരപ്പെടുത്താനും, സാധിക്കുന്ന വിധത്തിൽ പ്രവർത്തിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ.കെ.പി. നൂറുദ്ദീൻ): സർ, ഈ ഭൂമിയുടെ പ്രശ്നത്തിൽ ചില സാങ്കേതികമായ പ്രശ്നങ്ങളും നിയമപരമായ പ്രശ്നങ്ങളുമുണ്ട്. 1973-ലാണ് കൂത്താളി എസ്റ്റേറ്റിനുവേണ്ടി 651 ഹെക്ടർ സ്ഥലം ഗവൺമെന്റ് അനുവദിച്ചത്. പക്ഷേ അവിടെ മരങ്ങളെല്ലാം വെട്ടി അന്നുതന്നെ റീടെൻഡർ ചെയ്തുകൊടുത്തിരുന്നു

LIBRARY ARCHIVES Kerala Legislative Assembly